**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 861** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഫൈസൽ ബാബു

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക -സാമ്പത്തിക പുരോഗതിക്കായി നിലവിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്;

**<u>മറുപടി:</u>** കോഴിക്കോട് ജില്ലയിൽ മത്സ്യത്തൊഴിലാളി ക്ഷേമം മുൻനിർത്തി ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കപ്പക്കൽ, തെക്കെ കടപ്പുറം എന്നീ ഫിഷറീസ് വില്ലേജുകൾ ഉൾപ്പെടുന്നുണ്ട്. അതുകൊണ്ട് തന്നെ വകുപ്പിന്റെ തീരദേശ പദ്ധതികൾ കോഴിക്കോട് സൗത്ത് മണ്ഡലത്തിലും നടപ്പിലാക്കി വരുന്നുണ്ട്. കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക വികസനത്തിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. വിദ്യാഭ്യാസാനുകൂല്യ പദ്ധതി.

2.യാനങ്ങൾക്കുള്ള ഇൻഷുറൻസ് പദ്ധതി

3.മത്സ്യബന്ധന ഉപകരണങ്ങൾ നൽകുന്ന പദ്ധതി

4. സമ്പാദ്യ സമാശ്വാസ പദ്ധതി

5. പുനർഗേഹം പദ്ധതി

6. ഭവന പുനരുദ്ധാരണ പദ്ധതി

7. തൊഴിൽനഷ്ട ധനസഹായം

കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക പുരോഗതിക്കായി നിലവിൽ നടപ്പിലാക്കി വരുന്ന തീരദേശ റോഡ് വികസന പ്രവൃത്തികളും ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മാണ പ്രവൃത്തികളും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷം രൂപ) |
|---|---|---|
| 1 | ചാമുണ്ഡിവളപ്പ് 2.5 സെന്റ് കോളനി റോഡ് പുനരുദ്ധാരണം – കോഴിക്കോട് കോർപ്പറേഷൻ | 22 |

| | | |
|---|---|---|
| 2 | കോഴിക്കോട് കോർപ്പറേഷനിലെ കോയാവളപ്പ് – ചാമുണ്ഡിവളപ്പ് റോഡ് പുനരുദ്ധാരണം | 75 |
| 3 | കോഴിക്കോട് സൗത്ത് വാർഡ് നമ്പർ 54-ലെ കപ്പക്കൽ റോഡ് | 18.3 |

കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY യിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ സെൻട്രൽ മാർക്കറ്റ് അത്യാധുനിക മത്സ്യമാർക്കറ്റ് സമുച്ചയമായി വികസിപ്പിക്കുന്നതിന് 55.17 കോടി രൂപയുടെ (കേന്ദ്രവിഹിതം - 30 കോടി രൂപ, സംസ്ഥാന വിഹിതം - 25.17 കോടി രൂപ) ഭരണാനുമതി ലഭ്യമായിരുന്നു. പദ്ധതിയുടെ PMC ആയ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ദർഘാസ് നടപടി ആരംഭിച്ചിരുന്നു. എന്നാൽ കോഴിക്കോട് കോർപ്പറേഷൻ പദ്ധതി പ്രദേശം നിർമ്മാണത്തിനായി കൈമാറി നൽകാത്തതിനാൽ തുടർനടപടിയൊന്നും സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും സാമൂഹിക-സാമ്പത്തിക പുരോഗതിക്കായി മത്സ്യബോർഡ്, സർക്കാർ ധനസഹായം വിനിയോഗിച്ചും, തനത് ഫണ്ട് വിനിയോഗപ്പെടുത്തിയും 33 ക്ഷേമപദ്ധതികളും അനുബന്ധ തൊഴിലാളികൾക്കായി 32 ക്ഷേമപദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

പ്രസ്തുത പദ്ധതികളിൽ, വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, തണൽ, സാന്ത്വനതീരം, മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ് പ്രീമിയംഎന്നീ പദ്ധതികൾ സർക്കാർ ധനസഹായം വിനിയോഗിച്ച് നടപ്പിലാക്കുന്നവയാണ്.മത്സ്യത്തൊഴിലാളികളുടെ മരണാനന്തര ചെലവുകൾക്ക് ആശ്രിതർക്ക് ധനസഹായം, ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം, മത്സ്യബന്ധനത്തോടനുബന്ധിച്ചുള്ള ആകസ്മിക മരണങ്ങൾക്ക് ധനസഹായം, താൽക്കാലിക അവശതയ്ക്കുള്ള ധനസഹായം, മാരകരോഗ ചികിൽസ സഹായം, വിവാഹ ധനസഹായം, ഉന്നത വിദ്യാഭ്യാസ ആവശ്യങ്ങൾക്കുള്ള സഹായം, കായിക മത്സരത്തിൽ വിജയിച്ചവർക്ക് പ്രോത്സാഹനം, എസ്.എസ്.എൽ.സി ക്യാഷ് അവാർഡ്, ചെയർമാൻസ് റിലീഫ്ഫണ്ട് എന്നിവയാണ് പ്രധാനപെട്ട തനത് പദ്ധതികൾ. ഇതിനു പുറമേ ഫിഷറീസ് - തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭമായ തണൽ പദ്ധതി പ്രകാരം FIMS ൽ എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധത്തൊഴിലാളികൾക്കും 1350/- രൂപ നിരക്കിൽ ധനസഹായം നൽകുന്നു.

മത്സ്യബോർഡ്, നിയോജകമണ്ഡലം അടിസ്ഥാനത്തിൽ പ്രത്യേകം പദ്ധതികൾ നടപ്പിലാക്കുന്നില്ല. അതേസമയം, ബോർഡ് നടപ്പിലാക്കുന്ന എല്ലാ ക്ഷേമപദ്ധതികളുടെയും ഗുണഫലം കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ടവർക്കും ലഭ്യമാക്കിയിട്ടുണ്ട്.

കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ മത്സ്യഫെഡ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1.ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) സഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി. (ഐ.എഫ്.ഡി.പി)

2.ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ബി.സി)/ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ

ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ.

(എ)മൈക്രോഫിനാൻസ്

(ബി)ടേം വായ്പകൾ

3.നാടൻ വള്ളങ്ങളുടെ നവീകരണവും, വലകൾക്കുള്ള സബ്സിഡി

4.സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതി.

5. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം(LDRS)

6.പ്രധാന മന്ത്രി മത്സ്യസമ്പദാ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാഥമിക സഹകരണ സംഘങ്ങളെ ഫിഷ് ഫാർമേഴ്സ് പ്രോഡ്യൂസേഴ്സ് ഓർഗനൈസേഷൻ(FFPOs)ആയി ശാക്തീകരിക്കുന്ന പദ്ധതി.

7.മണ്ണെണ്ണ എഞ്ചിൻ – പെട്രോൾ എഞ്ചിനുകളിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള സബ്സിഡി പദ്ധതി.

കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ അരയിടത്ത് പാലത്ത് സംസ്ഥാന സർക്കാർ ധനസഹായത്തോടുകൂടി മത്സ്യഫെഡിന്റെ കീഴിൽ ഒരു ഫിഷ് മാർട്ട് പ്രവർത്തിച്ചു വരുന്നു.

**(ബി)** കോഴിക്കോട് തീരദേശ മേഖലയിലെ മത്സ്യബന്ധന തുറമുഖങ്ങളുടെയും മത്സ്യലേല കേന്ദ്രങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്;

**<u>മറുപടി:</u>** കോഴിക്കോട് ജില്ലയിൽ ബേപ്പൂർ, വെള്ളയിൽ, പുതിയാപ്പ, കൊയിലാണ്ടി, ചോമ്പാല എന്നിങ്ങനെ 5 ഹാർബറുകളാണ് പ്രവർത്തിക്കുന്നത്. ഈ അഞ്ച് ഹാർബറുകളുടെയും വികസനത്തിനായി ഹാർബർ മാനേജ്മെന്റ് സമിതികൾ രൂപീകരിച്ച് കൊണ്ട് ക്രിയാത്മകമായ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് ഹാർബറിന്റെ വികസനത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഇതു കൂടാതെ വടകര, ചാലിയം എന്നീ ഫിഷ് ലാന്റിംഗ് സെന്ററുകളുടെ നിർമ്മാണ പ്രവർത്തികൾ ഉടൻ ആരംഭിക്കുന്നതാണ്.

**(സി)** മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതികളുടെ നിലവിലെ പുരോഗതി വിശദീകരിക്കാമോ;

**<u>മറുപടി:</u>** ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട 852 കുടുംബങ്ങൾക്ക് വീടുകൾ അനുവദിച്ചതിൽ 726 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 126 വീടുകളുടെ നിർമ്മാണം നിലവിൽ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

വേലിയേറ്റ മേഖലയിൽ നിന്നും 50 മീറ്ററിനുള്ളിലുള്ളവരെ അധിവസിപ്പിക്കുന്ന പദ്ധതിയായ പുനർഗേഹം പദ്ധതിയാണ് നിലവിൽ ജില്ലയിൽ നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതി. ടി പദ്ധതി പ്രകാരം സൗത്ത് മണ്ഡലത്തിൽ 7 ഗുണഭോക്താക്കൾ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്. ഇതിൽ 5 ഗുണഭോക്താക്കൾക്ക് തുക പൂർണ്ണമായും അനുവദിച്ചിട്ടുണ്ട്.

**(ഡി)** കാലാവസ്ഥാ വ്യതിയാനവും കടലാക്രമണവും മൂലം ദുരിതമനുഭവിക്കുന്ന തീരദേശ കുടുംബങ്ങൾക്ക് പ്രത്യേക പുനരധിവാസ പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

**<u>മറുപടി:</u>**

തീരദേശ മേഖലകളിൽ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള കുടുംബങ്ങളെ സുരക്ഷിത മേഖലകളിലേക്ക് പുനരധിവസിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് 'പുനർഗേഹം' എന്ന പുനരധിവാസ പദ്ധതി നിലവിൽ നടപ്പിലാക്കി വരുന്നു. 2019-20ൽ ഭരണാനുമതി നൽകി 2450കോടി രൂപ അടങ്കലിൽ നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതിയ്ക്ക് ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായവും, സർക്കാർ/സ്വകാര്യ ഭൂമിയിൽ ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് പുനരധിവാസ സൗകര്യവും ഒരുക്കുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി നിരവധി വീടുകളും ഫ്ലാറ്റുകളും പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. കൂടുതൽ വീടുകളും ഫ്ലാറ്റുകളും വിവിധ ഘട്ടങ്ങളിൽ നിർമ്മാണത്തിലാണ്.

**(ഇ)** കോഴിക്കോട് ജില്ലയിലെ മത്സ്യബന്ധന മേഖലയിലെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി അക്വാകൾച്ചർ,മത്സ്യ സംസ്കരണ യൂണിറ്റുകൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;വിശദമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ പദ്ധതികൾ ഒന്നും പരിഗണനയിലില്ല.

**(എഫ്)** മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആനുകൂല്യങ്ങൾ കൂടുതൽ കാര്യക്ഷമമായി ലഭ്യമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ് ;വിശദമാക്കാമോ?

**<u>മറുപടി:</u>** മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികളുടെയും ആനുകൂല്യ വിതരണത്തിന്റെയും കാര്യക്ഷമത വർധിപ്പിക്കുന്നതിനായി ഫിഷറീസ് ഓഫീസുകളിലും മേഖലാ കാര്യാലയങ്ങളിലും ഓൺലൈൻ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനും ഇ-ഗവേണൻസ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ക്ഷേമപദ്ധതി ആനുകൂല്യങ്ങൾ സമയബന്ധിതമായും സുതാര്യമായും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി അപേക്ഷാ നടപടികൾ, ഗുണഭോക്തൃ വിവരങ്ങളുടെ പരിപാലനം, ആനുകൂല്യ വിതരണം എന്നിവ ഡിജിറ്റലൈസ് ചെയ്ത് സേവനങ്ങൾ ആധുനികവത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**